## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1479 — 13.06.2014 ലെ മറുപടിയ്ക്ക്

# നഗരപ്രദേശങ്ങളിലെ കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നഗര പ്രദേശങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) 2014-15 വർഷത്തിൽ പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ നഗര/നഗരപ്രാന്ത പ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി "അർബൻ ക്ലസ്റ്റർ വികസനം" എന്ന പദ്ധതി ഘടകം നടപ്പാക്കുന്നു. പദ്ധതി പ്രകാരം നഗരപ്രദേശങ്ങളിൽ മട്ടുപ്പാവു കൃഷിക്കായി 25 ഗ്രോബാഗുകളടങ്ങുന്ന 2000 രൂപ വിലയുള്ള ഗ്രോബാഗ് യൂണിറ്റുകൾ 500 രൂപയ്ക്ക് വിതരണം ചെയ്യുന്നു. ബാക്കി 1500 രൂപ സഹായധനമായിരിക്കും. നടപ്പുവർഷത്തിൽ സംസ്ഥാനത്തൊട്ടാകെ 28334 ഗ്രോബാഗ് യൂണിറ്റുകളാണ് വിതരണം ചെയ്യുക. |
| (ബി) വീടുകളുടെ ടെറസ്സിലും കോമ്പൗണ്ടിലും കൃഷി ചെയ്യാവുന്ന നടീൽ വസ്തുക്കൾ നഗരങ്ങളിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) വീടുകളുടെ ടെറസിൽ / കോമ്പൗണ്ടിൽ കൃഷി ചെയ്യുന്നതിനായി 25 ഗ്രോബാഗുകളടങ്ങുന്ന ഗ്രോബാഗ് യൂണിറ്റുകൾ മണ്ണും വളവും നിറച്ച് തൈകൾ പിടിപ്പിച്ചാണ് നൽകുന്നത്. മുൻ വർഷങ്ങളിൽ ഇപ്രകാരം നൽകിയ ഗ്രോബാഗുകൾക്കുള്ള തൈകൾ, ജൈവവളം, ജൈവ കീടനാശിനികൾ എന്നിവയും വിതരണം ചെയ്യും. ഗ്രോബാഗുകളുടെ വിതരണം, മെയ്ന്റനൻസ് എന്നിവക്കായി 525 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത രീതിയിലുള്ള കൃഷിക്കുവേണ്ടി നഗര പ്രദേശങ്ങളിലെ കൃഷി ഭവനുകൾക്ക് മാത്രമായി പ്രത്യേക കാർഷിക പരിപാടിക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ അതിനുവേണ്ടി റെസിഡൻഷ്യൽ അസോസിയേഷനുകളുടെ സഹകരണം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) മട്ടുപ്പാവിലെ കൃഷി പ്രധാനമായും ചെയ്യാനുദ്ദേശിക്കുന്നത്/ചെയ്തുവരുന്നത് ആവശ്യമായ കൃഷിഭൂമി ലഭ്യമല്ലാത്ത നഗര/നഗരപ്രാന്ത പ്രദേശങ്ങളിലാണ്. കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ അതിനോടു ചേർന്നു കിടക്കുന്ന പഞ്ചായത്തുകൾ എന്നിവയിലാണ് പദ്ധതി നടപ്പാക്കുക. അതിനായി റെസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, സ്വാശ്രയ ഗ്രൂപ്പുകൾ എന്നിവയുടെ സഹകരണം ലഭ്യമാക്കും. 2012-13 മുതൽ ടി പദ്ധതി ഈ രീതിയിൽ തന്നെയാണ് നടപ്പാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ